# ഭരണകൂട ഭീകരതക്ക് താക്കീതായി മനുഷ്യാവകാശ സമ്മേളനം

**സാമിർ ജലീൽ ഉള്ള്യേരി**



**കോഴിക്കോട്:** ഭരണകൂട ഭീകരതയുടെ ഇരകളും പോരാളികളും സംഗമിച്ച മനുഷ്യാവകാശ സമ്മേളനം പൗരാവകാശ ധ്വംസകർക്കെതിരായ താക്കീതായി. സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് സംസ്ഥാന കമ്മിറ്റിയാണ് കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ സമ്മേളനം സംഘടിപ്പിച്ചത്.

അസോസിയേഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ഹ്യൂമൻ റൈറ്റ്സ് ദേശീയ സെക്രട്ടറി ഡോ. ഷക്കീൽ അഹ്മദ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഏതെങ്കിലും ഒരു കരിനിയമത്തിന്റെ തണലിൽ മാത്രമേ ഭരണം നടത്താൻ കഴിയൂ എന്ന അവസ്ഥയിലേക്ക് ഭരണകർത്താക്കൾ എത്തിയിരിക്കുന്നു. ഒന്നിനുപിറകെ ഒന്നായി കരിനിയമങ്ങൾ ഏർപ്പെടുത്തുകയാണ് അധികാരികൾ ചെയ്യുന്നത്. ജനങ്ങൾക്കിടയിൽ നീതി നടപ്പാക്കുകയെന്ന പ്രാഥമിക കടമ നിറവേറ്റുന്നതിൽ ഭരണകൂടങ്ങൾ പരാജയപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

പൗരന്മാർക്ക് നീതി ലഭ്യമാക്കേണ്ട കോടതികളിൽ കേസുകൾ ഇഴഞ്ഞുനീങ്ങുകയാണ്. സമാന്തര നീതിന്യായ സംവിധാനങ്ങളെയാവട്ടെ, അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭ്യമാക്കാതെ ബുദ്ധിമുട്ടിക്കുകയാണ് സർക്കാർ ചെയ്യുന്നത്. ഭോപാൽ ഇരകൾക്ക് അർഹമായ നഷ്ടപരിഹാരം നേടിക്കൊടുക്കുന്നതിൽ അന്തർദേശീയ തലത്തിലും ഭരണകൂടം പരാജയപ്പെട്ടുവെന്ന് സമീപകാല വർത്തമാനങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. ഷക്കീൽ അഹ്മദ് കൂട്ടിച്ചേർത്തു.

ജീവിതാന്ത്യം വരെ നീതിക്കായുള്ള തന്റെ പോരാട്ടം തുടരുമെന്നും, മകനെ അടിച്ചുകൊന്നശേഷം വെടിവെച്ചിടുകയായിരുന്നുവെന്ന് അന്വേഷണ ഉദ്യോഗസ്ഥർ തന്നോട് വ്യക്തമാക്കിയിട്ടുണ്ടെന്നും ഗുജ്റാത്തിൽ വ്യാജ ഏറ്റ് മുട്ടലിൽ കൊല്ലപ്പെട്ട പ്രാണേഷ്കുമാറിന്റെ പിതാവ് ഗോപിനാഥൻ പിള്ള പറഞ്ഞു. ഈച്ചരവാര്യരെ പോലെ ദുഃഖം കടിച്ചമർത്തിക്കഴിയാൻ ജീവിത സായാഹ്നത്തിൽ വിധിക്കപ്പെട്ട പിതാവാണ് ഞാൻ. മറ്റൊന്നും നഷ്ടപ്പെടാനില്ലാത്തതുകൊണ്ട് നീതിക്കായി കോടതിയിൽ പൊരുതിക്കൊണ്ടിരിക്കുകയാണ്. അന്വേഷണ സംഘങ്ങൾ മാറിമാറിവന്നിട്ടും നീതി ഇപ്പോഴും അകലെയാണ്.

മനുഷ്യാവകാശ സംഘടനകൾ, സെമിനാറുകൾ സംഘടിപ്പിച്ച് സായൂജ്യമടയുകയാണെന്ന് എഫ്.ഡി.സി.എ സംസ്ഥാന സെക്രട്ടറി ടി.കെ ഹുസൈൻ പറഞ്ഞു. കേരളത്തിലെ മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ ഒന്നിച്ചുള്ള പോരാട്ടത്തിന് തയാറാവേണ്ടിയിരിക്കുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മനുഷ്യാവകാശ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന വ്യക്തികളും സംഘടനകളും സംരക്ഷിക്കപ്പെടേണ്ട സാഹചര്യമാണ് ഇന്ന് ഇന്ത്യയിൽ നിലനിൽക്കുന്നതെന്നും, ഇത് ഭരണകൂടം തിരിച്ചറിഞ്ഞാൽ നല്ലതാണെന്നും പി.യു.സി.എൽ നേതാവ് അഡ്വ. പി.എ പൗരൻ പറഞ്ഞു.

കേരളത്തിലെ ഏറ്റവും വലിയ സംഘടിത മനുഷ്യാവകാശ പ്രസ്ഥാനം സോളിഡാരിറ്റിയാണെന്ന് താൻ വിശ്വസിക്കുന്നുവെന്ന് പ്രമുഖ മനുഷ്യാവകാശ പ്രവർത്തകൻ ജോയ് കൈതാരത്ത് പറഞ്ഞു.

അവകാശ നിഷേധത്തിന്റെ ചരിത്രം മാത്രം പറയാനുള്ള അധഃകൃത സമൂഹത്തിന്റെ പോരാട്ടങ്ങളെ വിസ്മരിക്കാനാണ് കേരളീയ സമൂഹം ശ്രമിക്കുന്നത്. ചരിത്രമാവട്ടെ, ദളിത് പോരാട്ട നേതാക്കളെ അവഗണിക്കുകയും ചെയ്യുന്നുവെന്ന് ഡി.എച്ച്.ആർ.എം ട്രഷറർ മനുകുമാർ പറഞ്ഞു. അറിവും അധികാരവും കൈയടക്കിവെച്ചിരിക്കുന്നവരിൽനിന്നും അവകാശങ്ങൾ പിടിച്ചെടുക്കാൻ ശ്രമിക്കുന്ന ദളിതരെ ഭീകരവാദികളും തീവ്രവാദികളും ആക്കി മുദ്രകുത്താനാണ് ഭരണകൂടം ശ്രമിക്കുന്നത്. വർക്കല സംഭവത്തിൽ ഡി.എച്ച്.ആർ.എമ്മിന് എതിരായ ഒരു തെളിവും പോലീസിന്റെ പക്കലില്ല. ന്യൂനപക്ഷ-ദളിത് വേട്ടക്കെതിരെ പ്രതികരിക്കാനും ഇവർക്കുനേരെ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ ശബ്ദമുയർത്താനും മാധ്യമസമൂഹം തയാറാവുകയും ദളിതരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും വേണം.

ശബ്ദിക്കുന്ന സംഘടനകളും വ്യക്തികളും നോട്ടപ്പുള്ളികളായി മാറുകയാണെന്ന് ഡോ. കൂട്ടിൽ മുഹമ്മദലി പറഞ്ഞു. അനുസരിക്കുന്നവരെ ഇഷ്ടപ്പെ

ടുന്ന ഭരണകൂടം ചോദ്യം ചെയ്യുന്നവരെ നോട്ടമിടുമ്പോള്‍ സമൂഹം നിശ്ശബ്ദരാവുകയാണ്. മനുഷ്യാവകാശ ലംഘനങ്ങള്‍ക്കെതിരെ ശബ്ദിക്കുന്നവരുടെ എണ്ണം വര്‍ധിക്കേണ്ടിയിരിക്കുന്നു. എതിര്‍ ശബ്ദങ്ങളെ മുച്ചൂടും നശിപ്പിക്കാനുള്ള ശ്രമത്തിനിടയില്‍ പത്രങ്ങളും ഭരണകൂട ഭീകരത ഏറ്റ് പിടിക്കുകയാണ്. പോരാളികളെ മാനസികമായി തളര്‍ത്താനും അതുവഴി സമൂഹത്തെ നിശ്ശബ്ദരാക്കാനുമാണ് ശ്രമം.

എന്‍ഡോസള്‍ഫാന്‍ വിഷയത്തില്‍ ഇനിയും പഠനം നടത്തണമെന്ന് ഭരണകൂടം പറയുമ്പോള്‍ മരണപ്പെട്ടുപോയവരും ജീവച്ഛവങ്ങളുമായ ഇരകള്‍ ഇനിയും ഗിനിപ്പന്നികളാവണോ എന്നതാണ് ചോദ്യമെന്ന് എന്‍ഡോസള്‍ഫാന്‍ വിരുദ്ധ സമിതി പ്രവര്‍ത്തകന്‍ ഷഫീഖ് നസ്റുള്ള പറഞ്ഞു.

സോളിഡാരിറ്റി സംസ്ഥാന ജനറല്‍ സെക്രട്ടറി പി.ഐ നൗഷാദ്, പത്രപ്രവര്‍ത്തക അവാര്‍ഡ് ഏറ്റുവാങ്ങി ഹംസ ആലുങ്ങല്‍(*സിറാജ്* ദിനപത്രം) എന്നിവരും സംസാരിച്ചു. ടി. മുഹമ്മദ് വേളം അധ്യക്ഷത വഹിച്ചു. സോളിഡാരിറ്റി ജില്ലാ പ്രസിഡന്റ് റസാഖ് പാലേരി സ്വാഗതവും സെക്രട്ടറി കെ.ജി മുജീബ് നന്ദിയും പറഞ്ഞു. ■